## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം. * 384      27.06.2012-ൽ മറുപടിക്ക്

## മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ :<br>ഡോ. കെ. ടി. ജലീൽ :<br>ശ്രീ. കെ. സുരേഷ് കുറുപ്പ് :<br>ശ്രീ. വി. ശിവൻകുട്ടി : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ കോളേജ് അദ്ധ്യാപകരുടെ സ്വകാര്യ പ്രാക്ടീസ് പുന:സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ ; എങ്കിൽ കാരണമെന്താണെന്ന് അറിയിക്കാമോ ; | (എ) **ഇപ്പോൾ ആലോചിക്കുന്നില്ല.** |
| (ബി) ഇതു സംബന്ധിച്ച് മെഡിക്കൽ കോളേജ് അദ്ധ്യാപക സംഘടനകളുമായി ആരോഗ്യമന്ത്രി 2012 ഏപ്രിലിൽ നടത്തിയ ചർച്ചയുടെ വിശദാംശം വെളിപ്പെടുത്താമോ ; | (ബി) **ഈ വിഷയം സംബന്ധിച്ച് ചർച്ചകൾ ഒന്നുംതന്നെ നടത്തിയിട്ടില്ല.** |
| (സി) കെ.ജി.എം.സി.ടി.എ ഇക്കാര്യത്തിൽ നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (സി) **കെ.ജി.എം.സി.ടി.എ. നൽകിയ നിർദ്ദേശങ്ങൾ താഴെപ്പറയും പ്രകാരമാണ്.**<br>1) സ്വകാര്യ പ്രാക്ടീസ് ആവശ്യപ്പെടുന്ന ഗവ. ഡോക്ടർമാർക്ക് മാത്രം അനുമതി (permit) നൽകുക.<br>2) ഇത്തരത്തിലുള്ള അനുമതിയുടെ നമ്പർ പേരിനൊപ്പം പ്രദർശിപ്പിക്കുക.<br>3) സാധാരണ ഡ്യൂട്ടി സമയം കഴിഞ്ഞ് സ്വകാര്യ പ്രാക്ടീസിന് അനുമതി നൽകുക.<br>4) ഡോക്ടർമാർക്ക് അവരവരുടെ ഒ.പി. ദിവസം സ്വകാര്യ പ്രാക്ടീസ് ഒഴിവാക്കുക.<br>5) കൺസൾട്ടൻസി ഫീസ് ഗവൺമെന്റ് തലത്തിൽ ചർച്ച ചെയ്ത് നിജപ്പെടുത്തുക.<br>6) ഇങ്ങനെ ലഭിക്കുന്ന വരുമാനം, ഗവൺമെന്റുമായി പങ്കിടുന്നതിനെക്കുറിച്ച് ആലോചിച്ച് തീരുമാനിക്കുക. |

**സെക്ഷൻ ഓഫീസർ**